**Registered A/D**

ഉത്തരമേഖലാ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ ഉത്തരവു നടപടികൾ

നഗരകാര്യ വകുപ്പ് റീജിയനൽ ജോയിന്റ് ഡയറക്ടറാഫീസ്, കോഴിക്കോട്, കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമ പഞ്ചായത്തിൽ തെറ്റായ പ്ലാൻ വരച്ച് സമർപ്പിച്ച റജിസ്ട്രേർഡ് സൂപ്പർവൈസർ ശ്രീ. കെ.വി. സജീവന്റെ LBS റജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

നമ്പർ ഇ/3956/2012 കോഴിക്കോട്, തിയ്യതി, 13.2.2014

==========================================================================================

പരാമർശം:- 1. ശ്രീ. എൻ. രവീന്ദ്രൻ, ഒളവറ, ഉടുമ്പന്തല, കാസർഗോഡ് എന്നവരുടെ 11/10/12 തിയ്യതിയിലെ പരാതി.

2. പീലിക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28/12/12, 26/6/13, 24/7/13,12/12/13 തീയതികളിലെ എ1/6667/12 നമ്പർ കത്തുകൾ
3. ശ്രീ. കെ.വി. സജീവന് ഈ ഓഫീസിൽ നിന്നും നൽകിയ 14/1/13, 12/9/13 തീയതികളിലെ നോട്ടീസുകൾ
4. ശ്രീ. കെ. വി. സജീവൻ സമർപ്പിച്ച 19/12/13, 7/10/13 തീയതികളിലെ മറുപടികൾ
5. ശ്രീ. കെ. വി. സജീവൻ 05/11/13 ന് നേരിൽ ഹാജരായി നൽകിയ മൊഴി

-----

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമ പഞ്ചായത്തിൽ ശ്രീമതി. വയലിൽ വീട്ടിൽ കല്യാണി W/o പുഷ്പാഗദൻ വയലിൽ വീട്ടിൽ എന്നവർക്ക് വേണ്ടി ലൈസൻഡ് സൂപ്പർവൈസർ ശ്രീ. കെ. വി. സജീവൻ തയ്യാറാക്കി സമർപ്പിച്ച പ്ലാനിൽ കിണറിന്റെ സ്ഥാനം തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നും പരാമർശം ഒന്ന് പ്രകാരം ശ്രീ. രവീന്ദ്രൻ ഒളവറ പരാതിപ്പെടുകയുണ്ടായി.

അതനുസരിച്ച് തെറ്റായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ചതിനെതിരെ ശ്രീ. കെ. വി. സജീവന് 14/1/2013 ലെ ഇ-3956/12 നമ്പർ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ 19/2/2013 ൽ മറുപടി സമർപ്പിക്കുകയുമുണ്ടായി. പ്ലാൻ തയ്യാറാക്കി സമർപ്പിച്ചതിൽ മന:പൂർവ്വം വീഴ്ച വരുത്തിയിട്ടില്ലെന്നും അബദ്ധത്തിൽ വന്ന്പോയ തെറ്റിന് മാപ്പ് നൽകണമെന്നും ശ്രീ. കെ.വി. സജീവൻ അപേക്ഷിച്ചിരുന്നു.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം വകുപ്പ് 153 (1), (2), (3), (4), (5) എന്നീ വ്യവസ്ഥകൾ ലംഘിച്ചതിനാൽ ശ്രീ. കെ. വി. സജീവന്റെ ലൈസൻസ് 3 മാസത്തേക്ക് സസ്പെന്റ് ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് നോട്ടീസ് നൽകുകയും ആയതിന് സമർപ്പിച്ച മറുപടിയിൽ ശ്രീ. കെ. വി. സജീവൻ ടിയാനെ നേരിൽ കേൾക്കാൻ അവസരം നൽകുന്നതിനും അപേക്ഷിച്ചിരുന്നു.

15/11/2013 ന് ടിയാൻ നേരിൽ സമർപ്പിച്ച മൊഴിയിലും നോട്ടപ്പിശക് മൂലമുണ്ടായ ചെറിയ തെറ്റ് മാപ്പാക്കണമെന്നും ലൈസൻസ് റദ്ദ് ചെയ്യരുത് എന്നും അപേക്ഷിക്കുകയുണ്ടായി.

ശ്രീ. രവീന്ദ്രൻ ഒളവറ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നൽകിയ നോട്ടീസുകൾക്ക് ടിയാൻ സമർപ്പിച്ച മറുപടികളും നേരിൽ ഹാജരായി നൽകിയ മൊഴിയും വിശദമായി പരിശോധിച്ചു.

1999 ലെ കെട്ടിട നിർമ്മാണ ചട്ടം വകുപ്പ് 153(3) പ്രകാരം പ്ലാനുകളും ഡ്രോയിംഗുകളും സമർപ്പിക്കുമ്പോൾ സൈറ്റ് പരിശോധന നടത്തേണ്ടതാണെന്നും അതിരുകൾ ബോധ്യപ്പെട്ടതിന് ശേഷം മാത്രമേ പ്ലാൻ സമർപ്പിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. കെ. വി. സജീവൻ തയ്യാറാക്കി പീലിക്കോട് പഞ്ചായത്തിൽ പ്രസ്തുത പ്ലാൻ സമർപ്പിച്ച സമയത്ത് മേൽ ചട്ടം ലംഘിച്ചതായി കാണാവുന്നതാണ്.

നോട്ടീസിന് ശ്രീ. കെ. വി. സജീവൻ സമർപ്പിച്ച മറുപടി പരിശോധിച്ചതിന്റെയും പീലിക്കോട് പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 153 (3) വകുപ്പ് ലംഘിച്ച് പ്ലാൻ വരച്ച് സമർപ്പിച്ച ശ്രീ. കെ. വി. സജീവന്റെ സൂപ്പർവൈസർ - ബി രജിസ്ട്രേഷൻ (നമ്പർ ഇ-2050/08/357/KKD/171/SB) ചട്ടം 153(8) പ്രകാരം 01.03.2014 മുതൽ 31.03.2014 വരെ ഒരു മാസക്കാലത്തോളം സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

Office of the Regional Joint Director of Urban Affairs, Kozhikode PIN- 673 001

ജോണി സെബാസ്റ്റ്യൻ
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ
കോഴിക്കോട്

1) ശ്രീ. കെ. വി. സജീവൻ സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടന്റ്, കാലിക്കടവ്, പീലിക്കോട് പി.ഒ. - 671310( ശ്രീ. കെ. വി. സജീവൻ അസ്സൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഐ.ഡി. കാർഡും ഈ ഓഫീസിൽ 28/02/2014 ന് അപരാഹ്നത്തിൽ ഹാജരാക്കേണ്ടതാണ്.
2) സെക്രട്ടറി, പീലിക്കോട് പഞ്ചായത്ത്, കാസർഗോഡ് ജില്ല
3) ചട്ടം 153(8) പ്രകാരം എൽ.എസ്.ജി.ഡി വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്

പകർപ്പ് :-

1) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2) നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർ, കൊച്ചി, കൊല്ലം
3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (കാസർഗോഡ് , കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, മലപ്പുറം)
4) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
5) ശ്രീ. രവീന്ദ്രൻ ഒളവറ, ഉടുംബുംതല പി. ഒ., കാസർഗോഡ് - 671311

K.R./14/12